## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1597 04/12/2018-ൽ മറുപടിയ്ക്ക്

# പടപ്പറമ്പ് ആസ്ഥാനമാക്കി ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ കേന്ദ്രം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പടപ്പറമ്പ് ആസ്ഥാനമാക്കി ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ കേന്ദ്രം ആരംഭിക്കുന്നതിനായി കുറുവ ഗ്രാമപഞ്ചായത്ത് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | (എ) | പടപ്പറമ്പ് ആസ്ഥാനമാക്കി ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണകേന്ദ്രം ആരംഭിക്കുന്നതിനായി കുറുവ ഗ്രാമപഞ്ചായത്തിന്റെ നിവേദനം ലഭിച്ചിട്ടുണ്ട്. എന്നാൽ വണ്ടൂർ ആസ്ഥാനമാക്കി ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ അതിനു മുൻപ് തന്നെ ആരംഭിച്ചിരുന്നു. 2017 ആഗസ്റ്റ് മാസത്തിൽ ജില്ലാ സംഭരണ കേന്ദ്രം വണ്ടൂരിൽ പ്രവർത്തനം ആരംഭിച്ചു. പടപ്പറമ്പ് ആസ്ഥാനമാക്കി അനുയോജ്യമായ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് വിപണന കേന്ദ്രം ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ബി) | കേരഗ്രാമം പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; മങ്കട നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയുടെ ഗുണഫലം എപ്രകാരമെന്ന് വ്യക്തമാക്കാമോ; | (ബി) | നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തൊട്ടാകെ 79 പുതിയ കേര ഗ്രാമങ്ങളാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ 77 കേരഗ്രാമങ്ങളുടെ പദ്ധതി പ്രദേശം നിർണ്ണയിക്കുകയും ആക്ഷൻപ്ലാൻ തയ്യാറാക്കുകയും ടെക്നിക്കൽ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കുകയും പഞ്ചായത്തുതല കേരസമിതികൾ രൂപീകരിക്കുകയും അവ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. |

അവിടങ്ങളിൽ പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ മങ്കട നിയോജക മണ്ഡലത്തിൽപ്പെട്ടുന്ന അങ്ങാടിപ്പുറം പഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം ഒരു കേരഗ്രാമം രൂപീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ് പ്രാരംഭഘട്ടത്തിലാണ്.

മലപ്പുറം ജില്ലയിൽ കേരഗ്രാമം പദ്ധതി പ്രകാരം ഭൗതികവും സാമ്പത്തികവുമായ നേട്ടങ്ങൾ കൈവരിച്ചുവരുന്നു. മങ്കട നിയോജക മണ്ഡലത്തിൽ കേരകൃഷിയ്ക്ക് ജലസേചനത്തിനായി പമ്പു സെറ്റുകൾ വിതരണം ചെയ്തു വരുന്നു. തെങ്ങിനു വളപ്രയോഗവും, ജലസേചനവും നൽകുന്നതുവഴി തെങ്ങിന്റെ വിളവ് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**(സി)** കൂടുതൽ ഗ്രാമപഞ്ചായത്തുകളെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**(സി)** 21.11.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം.138/2018/കൃഷി പ്രകാരം സംസ്ഥാനത്തിന്റെ നാളികേര മേഖലയുടെ അഭിവൃദ്ധിക്കായി സർക്കാർ രൂപീകരിച്ച നാളികേരവികസന കൗൺസിലിന്റെ ഒരു പ്രധാന ലക്ഷ്യം നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പഞ്ചായത്തുകളിലും തെങ്ങിന്റെ സംയോജിത വികസനത്തിനായി കേരഗ്രാമങ്ങൾ ആരംഭിക്കുക എന്നതാണ്. ആയതിനാൽ വരും വർഷങ്ങളിൽ ഘട്ടം ഘട്ടമായി കൂടുതൽ ഗ്രാമപഞ്ചായത്തുകളെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

**സെക്ഷൻ ഓഫീസർ**